2026
MAY
14
THURSDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# 1.98 ലക്ഷം കോടി രൂപയുടെ റെക്കോഡ് ലാഭവുമായി പൊതുമേഖലാ ബാങ്കുകൾ

**ന്യൂഡൽഹി:** 2025-26 സാമ്പത്തിക വർഷവും പൊതുമേഖലാ ബാങ്കുകൾ മികച്ച സാമ്പത്തിക പ്രകടനം കാഴ്ചവെച്ചതായി കണക്കുകൾ വ്യക്തമാക്കുന്നു.

2026 മാർച്ച് 31-ലെ കണക്കനുസരിച്ച് പൊതുമേഖലാ ബാങ്കുകളുടെ ആകെ ഇടപാടുകൾ 283.3 ലക്ഷം കോടി രൂപയായി വർദ്ധിച്ചു. മുൻ വർഷത്തെ അപേക്ഷിച്ച് 12.8% വളർച്ചയാണ് രേഖപ്പെടുത്തിയത്. ആകെ നിക്ഷേപം മുൻ വർഷത്തേക്കാൾ 10.6% വർധിച്ച് 156.3 ലക്ഷം കോടി രൂപയിലെത്തിയത് നിക്ഷേപകരുടെ തുടർച്ചയായ വിശ്വാസത്തെയും ബാങ്കുകളുടെ ശക്തമായ വിഭവ സമാഹരണത്തെയും പ്രതിഫലിപ്പിക്കുന്നു. ആകെ വായ്പകൾ 15.7% വളർച്ച രേഖപ്പെടുത്തി 127 ലക്ഷം കോടി രൂപയിലെത്തിയത് സമ്പദ് വ്യവസ്ഥയുടെ വിവിധ മേഖലകളിൽ നിലനിൽക്കുന്ന വായ്പാ ആവശ്യകതയെ സൂചിപ്പിക്കുന്നു.

വ്യക്തിഗത ഇടപാടുകൾ, കൃഷി, സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ എന്നീ വിഭാഗങ്ങളിലെ വായ്പാ വളർച്ച 2025 - 26 സാമ്പത്തിക വർഷം വിപുലമായി തുടർന്നു. ഈ മൂന്ന് വിഭാഗങ്ങളിലെ വായ്പകൾ യഥാക്രമം 18.1%, 15.5%, 18.2% എന്നിങ്ങനെ വളർച്ച രേഖപ്പെടുത്തി. സംരംഭകത്വത്തെ പിന്തുണയ്ക്കുന്നതിലും സാമ്പത്തിക ഉൾച്ചേർക്കൽ ശക്തിപ്പെടുത്തുന്നതിലും വിപുലമായ സാമ്പത്തിക വളർച്ച പ്രാപ്തമാക്കുന്നതിലും പൊതുമേഖലാ ബാങ്കുകൾ വഹിക്കുന്ന സുപ്രധാന പങ്കാണ് ഇത് വ്യക്തമാക്കുന്നത്.

2025-26 സാമ്പത്തിക വർഷം പൊതുമേഖലാ ബാങ്കുകളുടെ ആസ്തി ഗുണനിലവാരം ഗണ്യമായി മെച്ചപ്പെട്ടു. 2026 മാർച്ച് 31-ലെ കണക്കനുസരിച്ച് ആകെ നിഷ്ക്രിയ ആസ്തി അനുപാതം 1.93 ശതമാനമായും അറ്റ നിഷ്ക്രിയ ആസ്തി അനുപാതം 0.39 ശതമാനമായും കുറഞ്ഞു. ഇത് കിട്ടാക്കടങ്ങളുടെ ചരിത്രത്തിലെ ഏറ്റവും കുറഞ്ഞ നിലയെ പ്രതിഫലിപ്പിക്കുന്നു. കൂടാതെ ഓരോ പൊതുമേഖലാ ബാങ്കും 90 ശതമാനത്തിന് മുകളിൽ കരുതൽധന അനുപാതം നിലനിർത്തിയിട്ടുണ്ട്. മികച്ച കരുതൽധന നയങ്ങളെയും വായ്പാ യോഗ്യതാ മാനദണ്ഡങ്ങളെയും ഫലപ്രദമായ അപകട സാധ്യത പ്രതിരോധ സംവിധാനങ്ങളെയും ബാലൻസ് ഷീറ്റിന്റെ കരുത്തിനെയുമാണ് ഇത് സൂചിപ്പിക്കുന്നത്.

2025-26 സാമ്പത്തിക വർഷം പുതിയ നിഷ്ക്രിയ ആസ്തികൾ കുറഞ്ഞുകൊണ്ടിരുന്നു. പുതിയ കിട്ടാക്കടത്തിന്റെ അനുപാതം 0.7 ശതമാനമായി കുറഞ്ഞു. എഴുതിത്തള്ളിയ അക്കൗണ്ടുകളിലേതടക്കം ആകെ 86,971 കോടി രൂപയാണ് തിരിച്ചുപിടിച്ചത്. പൊതുമേഖല ബാങ്കുകളിലെ മെച്ചപ്പെട്ട തിരിച്ചുപിടിക്കൽ സംവിധാനങ്ങളെയും മികച്ച വായ്പാ അച്ചടക്കത്തെയുമാണ് ഇത് കാണിക്കുന്നത്.

മെച്ചപ്പെട്ട ആസ്തി ഗുണനിലവാരം, ആരോഗ്യകരമായ വായ്പാ വിപുലീകരണം, ഉയർന്ന വരുമാനം എന്നിവ 2025 -26 സാമ്പത്തിക വർഷം പൊതുമേഖലാ ബാങ്കുകളുടെ ലാഭക്ഷമത വർധിപ്പിച്ചു. ആകെ പ്രവർത്തന ലാഭം 3.21 ലക്ഷം കോടി രൂപയിലെത്തി. മൊത്തം അറ്റാദായം 11.1% വർധിച്ച് ചരിത്ര നേട്ടമായ 1.98 ലക്ഷം കോടി രൂപയിലെത്തി. പൊതുമേഖലാ ബാങ്കുകൾ തുടർച്ചയായി ലാഭം രേഖപ്പെടുത്തുന്ന നാലാം വർഷമാണിത്.

പൊതുമേഖല ബാങ്കുകളുടെ മൂലധന നില ആരോഗ്യകരമായി തുടർന്നു. 2026 മാർച്ച് 31-ലെ കണക്കനുസരിച്ച് ആകെ മൂലധന പര്യാപ്തതാ അനുപാതം (CRAR) 16.6 ശതമാനമായി ഉയർന്നു. ആഭ്യന്തര വരുമാനം, നീക്കിവെച്ച ലാഭം, 2025- 26 വർഷം സമാഹരിച്ച 50,551 കോടി രൂപയുടെ മൂലധനം എന്നിവ ഇതിന് കരുത്തുപകർന്നു. എല്ലാ പൊതുമേഖലാ ബാങ്കുകളുടെയും CRAR നിയമാനുസൃതമായ 11.5 ശതമാനത്തേക്കാൾ വളരെ കൂടുതലായിരുന്നു. ഇത് തുടർച്ചയായ വായ്പാ വളർച്ചയ്ക്ക് മതിയായ സുരക്ഷ നൽകുന്നു.

പൊതുമേഖലാ ബാങ്കുകളുടെ പ്രവർത്തനക്ഷമതയും ഈ വർഷം മെച്ചപ്പെട്ടു. ചെലവ്-വരുമാന അനുപാതം 49.67 ശതമാനമായി. മികച്ച ചെലവ് നിർവഹണത്തിനൊപ്പം സാങ്കേതിക വിദ്യയുടെ ഉപയോഗത്തിലൂടെയും ഡിജിറ്റൽ പരിവർത്തനത്തിലൂടെയും ലഭിച്ച നേട്ടങ്ങളെയും ഇത് പ്രതിഫലിപ്പിക്കുന്നു.

പൊതുമേഖലാ ബാങ്കുകളുടെ പ്രകടനത്തിലെ തുടർച്ചയായ ഈ പുരോഗതി ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ പ്രതിരോധശേഷിയെയും ബാങ്കിങ് മേഖലയെ ശക്തിപ്പെടുത്താൻ സർക്കാർ നടപ്പാക്കുന്ന പരിഷ്കാരങ്ങളെയും സൂചിപ്പിക്കുന്നു. മെച്ചപ്പെട്ട ഭരണനിർവ്വഹണം, സാങ്കേതികവിദ്യയുടെ സ്വീകാര്യത, ഉയർന്ന വായ്പാ അച്ചടക്കം, ഔദ്യോഗിക വായ്പകളുടെ വിപുലമായ ലഭ്യത എന്നിവ ലക്ഷ്യമിടുന്ന പരിഷ്കാരങ്ങൾ കിട്ടാക്കടങ്ങൾ കുറയ്ക്കാനും പ്രവർത്തനക്ഷമത മെച്ചപ്പെടുത്താനും ബാങ്കുകളുടെ സാമ്പത്തിക നില ശക്തമാക്കാനും വഴിയൊരുക്കി.

## ആധാർ പുതുക്കുന്നതിന് സ്കൂളുകൾ കേന്ദ്രീകരിച്ച് ക്യാമ്പുകൾ

**കൊച്ചി:** അഞ്ചു വയസ്സും 15 വയസ്സും തികയുന്ന കുട്ടികളുടെ ആധാർ ബയോമെട്രിക് വിവരങ്ങൾ പുതുക്കുന്നതിനായി ( മാൻഡേറ്ററി ബയോമെട്രിക് അപ്‌ഡേറ്റ്) എറണാകുളം ജില്ലയിലെ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് തപാൽ വകുപ്പിന്റെ നേതൃത്വത്തിൽ വിപുലമായ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. സംസ്ഥാനത്തൊട്ടാകെ പതിനൊന്ന് ലക്ഷത്തോളം കുട്ടികൾ ഇനിയും ആധാർ വിവരങ്ങൾ പുതുക്കാനുണ്ടെന്ന യു.ഐ.ഡി.എ.ഐ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നടപടി. 2026 ഓഗസ്റ്റോടെ ജില്ലയിലെ മുഴുവൻ വിദ്യാലയങ്ങളിലും ക്യാമ്പുകൾ പൂർത്തിയാക്കാനാണ് തപാൽ വകുപ്പ് ലക്ഷ്യമിടുന്നത്. ജില്ലാ കളക്ടർ ജി പ്രിയങ്ക പദ്ധതിയുടെ ഔദ്യോഗിക പ്രഖ്യാപനം നിർവ്വഹിച്ചു. ജില്ലയിലെ വിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥരുടെ യോഗത്തിൽ ആധാർ ബോധവൽക്കരണ പോസ്റ്ററുകൾ കൈമാറിക്കൊണ്ടാണ് ജില്ലാ കളക്ടർ ക്യാമ്പുകൾക്ക് തുടക്കം കുറിച്ചത്.

ഓരോ വിദ്യാലയത്തിലും ക്യാമ്പ് നടത്തുന്ന തീയതി തപാൽ വകുപ്പ് മുൻകൂട്ടി നിശ്ചയിച്ച് അധികൃതരെ അറിയിക്കും. കാക്കനാട് ജില്ലാ കളക്ടറുടെ ചേംബറിൽ നടന്ന യോഗത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടർ സുബിൻ പോൾ, എറണാകുളം ഡിവിഷൻ തപാൽ സീനിയർ സൂപ്രണ്ട് സയ്യിദ് അൻസാർ, ആലുവ ഡിവിഷൻ തപാൽ സീനിയർ സൂപ്രണ്ട് ജിസ്സി ജോർജ് എന്നിവർ പങ്കെടുത്തു.

# മ്യൂൾ അക്കൗണ്ടുകളും സൈബർ സാമ്പത്തിക തട്ടിപ്പുകണ്ടെത്താൻ ഐഫോർസിയും ആർബിഐഎച്ചും ധാരണാപത്രത്തിൽ ഒപ്പുവച്ചു

**ന്യൂഡൽഹി:** സൈബർ അധിഷ്ഠിത സാമ്പത്തിക തട്ടിപ്പുകളെ ചെറുക്കുന്നതിലും ബാങ്കിംഗ്, ഡിജിറ്റൽ പേയ്മെന്റ് മേഖലയിലെ മ്യൂൾ അക്കൗണ്ടുകൾ ഇല്ലാതാക്കുന്നതിലും സഹകരണം ശക്തിപ്പെടുത്തുന്നതിനായി ആഭ്യന്തര മന്ത്രാലയത്തിന് കീഴിലെ ഇന്ത്യൻ സൈബർ ക്രൈം കോർഡിനേഷൻ സെന്റർ (ഐഫോർസി), റിസർവ് ബാങ്ക് ഇന്നൊവേഷൻ ഹബ്ബു (ആർബിഐഎച്ച്) മായി ധാരണാപത്രത്തിൽ (എംഒയു) ഒപ്പുവച്ചു. സൈബർ തട്ടിപ്പ് സംബന്ധിച്ച ഇന്റലിജൻസ് വിവരങ്ങൾ പങ്കിടൽ, വിശകലന പിന്തുണ, മുൻകൂറായി തട്ടിപ്പ് കണ്ടെത്തലും പ്രതിരോധ സംവിധാനങ്ങളും ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തന ഏകോപനം എന്നീ മേഖലകളിലെ സഹകരണം സുഗമമാക്കുക എന്നതാണ് ധാരണാപത്രത്തിന്റെ ലക്ഷ്യം. ഐഫോർസിയിലെ ഐജി (അഡ്മിൻ) രൂപ എം, ആർബിഐഎച്ച് സിഇഒ സാഹിൽ കിന്നി എന്നിവർ ധാരണാപത്രത്തിൽ ഒപ്പുവച്ചു. ആർബിഐ ഡെപ്യൂട്ടി ഗവർണർ രോഹിത് ജെയിൻ, എംഎച്ച്എ സ്പെഷ്യൽ സെക്രട്ടറി (ഐഎസ്) ആനന്ദ് സ്വരൂപ്, ജെഎസ് (സിഐഎസ്) എംഎച്ച്എ രാകേഷ് രതി, ഐഫോർസി സിഇഒ രാജേഷ് കുമാർ, ആർബിഐ, ആർബിഐഎച്ച്, ഐഫോർസി എന്നിവിടങ്ങളിലെ മറ്റ് മുതിർന്ന ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു. ധാരണാപത്രപ്രകാരം, ബാങ്കുകളിലുടനീളം നടപ്പിലാക്കുന്ന MuleHunter.ai™ പോലുള്ള എഐ അധിഷ്ഠിത തട്ടിപ്പ് കണ്ടെത്തൽ സംവിധാനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി ആഭ്യന്തരമന്ത്രാലയത്തിന്റെ ഐഫോർസിയുടെ സസ്പെക്റ്റ് രജിസ്ട്രിയിൽ നിന്നുള്ള മ്യൂൾ അക്കൗണ്ട് സംബന്ധിച്ച ഇന്റലിജൻസ് വിവരങ്ങളും സംശയാസ്പദമായ വ്യക്തികളെകുറിച്ചുള്ള വിവരങ്ങളും ഐഫോർസിയും ആർബിഐഎച്ചും പങ്കുവെയ്ക്കും.



MuleHunter.ai™ ഉൾപ്പെടെയുള്ള എ ഐ അധിഷ്ഠിത തട്ടിപ്പ്-അപകടസാധ്യതാ വിലയിരുത്തൽ രീതികളുടെ പരിശീലനത്തിനും മെച്ചപ്പെടുത്തലിനും ആർബി ഐ എച്ച് ഈ ഡാറ്റാസെറ്റുകൾ ഉപയോഗിക്കും.

സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിൽ മ്യൂൾ അക്കൗണ്ടുകൾ വലിയ തടസം സൃഷ്ടിക്കുന്നുവെന്ന് കേന്ദ്ര ആഭ്യന്തര, സഹകരണ മന്ത്രി അമിത് ഷാ പറഞ്ഞു.

സൈബർ തട്ടിപ്പുകളെ ചെറുക്കുന്നതിന് നിർമ്മിത ബുദ്ധിയുടെ ശക്തി പ്രയോജനപ്പെടുത്തുന്നതിനായിട്ടാണ് എംഎച്ച്എയുടെ കീഴിലുള്ള ഐഫോർസി, റിസർവ് ബാങ്ക് ഇന്നൊവേഷൻ ഹബ്ബുമായി (ആർബിഐഎച്ച്) ധാരണാപത്രത്തിൽ ഒപ്പുവച്ചത്. ഐഫോർസിയുടെ സസ്പെക്ട് രജിസ്ട്രിയിൽ നിന്നുള്ള ഡാറ്റ, എഐ-അധിഷ്ഠിത തട്ടിപ്പ് കണ്ടെത്തൽ സംവിധാനത്തിലേക്ക് നൽകുന്നതിലൂടെ അദൃശ്യമായിരിക്കുന്ന മ്യൂൾ അക്കൗണ്ടുകൾ വേഗത്തിൽ കണ്ടെത്താനും ഇല്ലാതാക്കാനും സഹായിക്കും. സൈബർ കുറ്റകൃത്യങ്ങൾക്കെതിരായ പുതു തലമുറ കവചമായി പൗരന്മാർക്ക് ഇത് സേവനം നൽകുമെന്നും കേന്ദ്രമന്ത്രി അമിത് ഷാ പറഞ്ഞു.

റിസർവ് ബാങ്കിന്റെ പൂർണ ഉടമസ്ഥതയിലുള്ള അനുബന്ധ സ്ഥാപനമായ ആർബിഐ എച്ച്- എ ഐ അധിഷ്ഠിത തട്ടിപ്പ് കണ്ടെത്തൽ ചട്ടക്കൂടുകളുടെ വികസനത്തിലൂടെ സാമ്പത്തിക മേഖലയിൽ നൂതനാശയങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. സാങ്കേതികവിദ്യാ സംരംഭങ്ങളിലൂടെ ഡിജിറ്റൽ പേയ്മെന്റ് ആവാസവ്യവസ്ഥയുടെ സുരക്ഷയും പ്രതിരോധശേഷിയും ശക്തിപ്പെടുത്തുന്നതിനും അതുവഴി ഡിജിറ്റൽ ബാങ്കിംഗ് ആവാസവ്യവസ്ഥയിൽ പൗരന്മാർക്കുള്ള വിശ്വാസം വർദ്ധിപ്പിക്കുന്നതിനും ഈ സംരംഭം ലക്ഷ്യമിടുന്നു.



# എം.സി.എഫ് സ്ഥാപിക്കാൻ ഭൂമി കൈമാറ്റ നടപടികൾ അടിയന്തരമായി പൂർത്തിയാക്കണം: ജില്ലാ കളക്ടർ

**കൊച്ചി:** ജില്ലയിലെ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളുടെ (എം സി എഫ് ) നിർമ്മാണം വേഗത്തിലാക്കുന്നതിന്റെ ഭാഗമായി ഭൂമി കൈമാറ്റ നടപടികൾ അടിയന്തരമായി പൂർത്തിയാക്കണമെന്ന് ജില്ലാ കളക്ടർ ജി പ്രിയങ്ക.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എം.സി.എഫ് നിർമ്മാണത്തിനുള്ള തടസ്സങ്ങൾ നീക്കി നിശ്ചിത സമയത്തിനകം പ്രവർത്തനങ്ങൾ പൂർത്തിയാക്കണമെന്ന് കളക്ടർ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. അജൈവ മാലിന്യങ്ങൾ തരംതിരിക്കാനും സംസ്കരണത്തിനായി അയക്കാനും എം.സി.എഫുകൾക്കൊപ്പം റിസോഴ്സ് റിക്കവറി ഫെസിലിറ്റികളുടെ (ആർ ആർ എഫ് ) പ്രവർത്തനവും കാര്യക്ഷമമമാക്കും.

നിലവിൽ എം.സി.എഫ് സ്ഥാപിക്കാൻ ഭൂമി കണ്ടെത്താത്ത പഞ്ചായത്തുകൾക്ക് സർക്കാർ ഭൂമി ലഭ്യമാക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കും. ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട സാങ്കേതിക തടസ്സങ്ങൾ അടിയന്തരമായി പരിഹരിക്കാൻ റവന്യൂ വകുപ്പിനും തദ്ദേശ സ്വയംഭരണ വകുപ്പിനും നിർദ്ദേശം നൽകി.

ശാസ്ത്രീയമായ മാലിന്യ സംസ്കരണത്തിനായി സാനിറ്ററി ലാൻഡ് ഫിൽ സൗകര്യങ്ങൾ ഒരുക്കുന്നതിനെക്കുറിച്ചും യോഗം ചർച്ച ചെയ്തു. ജില്ലയിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്താൻ കൃത്യമായ ഇടവേളകളിൽ വേസ്റ്റ് മാനേജ്മെന്റ് റിവ്യൂ നടത്താൻ ജില്ലാ കളക്ടർ നിർദ്ദേശിച്ചു. മാലിന്യ ശേഖരണവും സംസ്കരണവും കൂടുതൽ സുതാര്യമാക്കുന്നതിന് 'ഹരിതമിത്രം' സ്മാർട്ട് ഗാർബേജ് ആപ്പിന്റെ പ്രവർത്തനം വിപുലീകരിക്കുമെന്നും ജില്ലാ കളക്ടർ പറഞ്ഞു.

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ജില്ലാ കളക്ടറുടെ ചേംബറിൽ നടന്ന അവലോകന യോഗത്തിൽ റവന്യൂ, തദ്ദേശ സ്വയംഭരണ വകുപ്പുകളിലെയും ശുചിത്വ മിഷനിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പങ്കെടുത്തു.

## ഇന്നത്തെ പരിപാടി

### കൊച്ചി

■ **ഇടപ്പള്ളി ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രം :** പ്രേംനസീർ സുഹൃദ്സമിതി കൂട്ടായ്മ വൈകിട്ട് 6.ന്.

### നേര്യമംഗലം

■ **കവളങ്ങാട് സീനായി മോർ യുഹാനോൻ മാംദോനായാക്കോബായ സുറിയാനി പള്ളി :** പെരുന്നാൾ -വൈകുന്നേരം അഞ്ചരയ്ക്ക് കൊടി കയറ്റ് , 6ന് സന്ധ്യാ പ്രാർത്ഥന, പ്രസംഗം ഫാ. എൽദോസ് തട്ടാംപുറത്ത്.

### വരാപ്പുഴ

■ **കോട്ടുവള്ളി സൗത്ത് ദേവാലയം :** പരിശുദ്ധ ഫാത്തിമ മാതാവിന്റെ തിരുന്നാൾ- വൈകിട്ട് 5.30ന് ദിവ്യബലി നൊവേന ആരാധന ഫാ ബൈജു അഗസ്റ്റിൻ കുറ്റിക്കൽ കാർമ്മികത്യം വഹിക്കും.

### തിരുവൈരാണിക്കുളം

■ **തിരുവൈരാണിക്കുലം ക്ഷേത്രം :** മഗല്യം പദ്ധതി പ്രകാരമുള്ള ഈ വർഷത്തെ വിവാഹം രാവിലെ 8 മുതൽ . തിരുവാതിര ഓഡിറ്റോറിയത്തിൽ നടക്കുന്ന അനുഗ്രഹ പ്രഭാഷണം എറണാകുളം റൂറൽ പോലീസ് ചീഫ് കെ.എസ് സുദർശൻ കജട നിർവഹിക്കും.

### തൃപ്പൂണിത്തുറ

■ **നടമേൽ സെന്റ് മേരീസ് യാക്കോബായ സുറിയാനിറോയൽ മെട്രോപ്പോളിറ്റൻ പള്ളി :** വിശുദ്ധ ദൈവമാതാവിന്റെ പെരുന്നാൾ . വൈകിട്ട് 6ന് കൊടികയറ്റം, സന്ധ്യാപ്രാർത്ഥന.

### പിറവം

■ **മാമലശേരിമാർ മിഖായേൽ ഓർത്തഡോക്സ് സുറിയാനി പള്ളി :** പെരുന്നാളിന്റെ ഭാഗമായി രാവിലെ 7ന് കുർബാന, വൈകിട്ട് 6.30ന് ഡോ. യുഹാനോൻ മാർ ദിയസ്ക്കോറോസ് മെത്രാപ്പോലീത്തയുടെ നേതൃത്വത്തിൽ പെരുന്നാൾ സന്ധ്യാ നമസ്ക്കാരം. തുടർന്ന് വചന ശ്രുശൂഷ, പ്രദക്ഷിണം, ആശിർവാദം , നേർച്ച സദ്യ.

# ഐ.എച്ച്.എം.എ മെഗാ പോസ്റ്റർ മത്സരം: വിജയികളെ പ്രഖ്യാപിച്ചു

**മലപ്പുറം:** ലോക ഹോമിയോപതി ദിനാഘോഷത്തോടനുബന്ധിച്ച് ഐ.എച്ച്.എം.എ (IHMA) മലപ്പുറം ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച മെഗാ പോസ്റ്റർ രചനാ മത്സരത്തിലെ വിജയികളെ തിരഞ്ഞെടുത്തു.

കിഡ്സ് വിഭാഗത്തിൽ മമ്പാട് സ്വദേശിയായ നവനീത് സി.കെ ഒന്നാം സ്ഥാനം നേടി 5001 കരസ്ഥമാക്കി. പാലക്കാട് സ്വദേശിനി എസ്സാ ഫാത്തിമ രണ്ടാം സ്ഥാനവും (3001), വഴക്കാട് സ്വദേശിയായ അയ്സിൻ മുഹമ്മദ് മൂന്നാം സ്ഥാനവും (2001) നേടി. ജൂനിയർ വിഭാഗത്തിൽ മമ്പാട് സ്വദേശിനി നിവേദ്യ സി.കെ ഒന്നാം സ്ഥാനം നേടി 5001 സ്വന്തമാക്കി. ഒതുക്കുങ്ങൽ സ്വദേശിനി ഫാത്തിമ ഫഹ്റിന് രണ്ടാം സ്ഥാനവും (3001), അയിക്കരപ്പടി സ്വദേശിനി ആത്മിയ സി മൂന്നാം സ്ഥാനവും (2001) നേടി. സീനിയർ വിഭാഗത്തിൽ തിരുത്തിയാട് സ്വദേശിനിയായ ലുബ്ന ടി വിജയിയായി തിരഞ്ഞെടുക്കപ്പെട്ടു. വിജയിക്കു കുടുംബസമേതം വയനാട് റിസോർട്ട് സ്റ്റേ സമ്മാനമായി ലഭിക്കും.

ജൂൺ 7-ന് പൂക്കോട്ടൂർ വൈബ് ലാൻഡിൽ നടക്കുന്ന ജില്ലാ സമ്മേളനത്തിൽ വെച്ച് സമ്മാനങ്ങൾ വിതരണം ചെയ്യും.



*ലുബ്ന ടി (സീനിയർ വിഭാഗം)*



*നിവേദ്യ സി.കെ (ജൂനിയർ - ഒന്നാം സ്ഥാനം)*



*ഫാത്തിമാ ഫഹ്റിൻ (ജൂനിയർ രണ്ടാം സ്ഥാനം)*



*ആത്മീയ സി (ജൂനിയർ - മൂന്നാം സ്ഥാനം)*



നവനീത് സി.കെ (കിഡ്സ് - ഒന്നാം സ്ഥാനം )



എസ്സാ ഫാത്തിമ (കിഡ്സ് രണ്ടാം സ്ഥാനം )



*അയ്സിൻ മുഹമ്മദ് (കിഡ്സ് - മൂന്നാം സ്ഥാനം )*

# ദീപക് ജോയ് ഡെപ്യൂട്ടി മേയർ സ്ഥാനം രാജിവച്ചു

**കൊച്ചി:** തൃപ്പൂണിത്തുറ എം എൽ എ ആയി തെരഞ്ഞെടുക്കപ്പെട്ട ദീപക് ജോയ് ഡെപ്യൂട്ടി മേയർ പദവിയും കൗൺസിലർ സ്ഥാനവും രാജി വച്ചു. മേയർ വി കെ മിനിമോൾക്ക് ഒപ്പം എത്തിയാണ് നഗരസഭാ സെക്രട്ടറിക്ക് രാജി സമർപ്പിച്ചത്. തുടർന്ന് കൗൺസിൽ ഹാളിൽ നടന്ന യാത്രയയപ്പ് ചടങ്ങിൽ മേയർ വി കെ മിനിമോൾ അധ്യക്ഷത വഹിച്ചു. മുൻമന്ത്രി ഡൊമിനിക് പ്രെസന്റേഷൻ, സ്ഥിരം സമിതി അധ്യക്ഷൻമാർ, കൗൺസിലർമാർ, സംഘടനാ പ്രതിനിധികൾ തുടങ്ങിയവർ സംസാരിച്ചു. നഗരസഭയുടെ ഉപഹാരം മേയർ വി കെ മിനിമോൾ ദീപക് ജോയ്ക്ക് സമ്മാനിച്ചു.



*തൃപ്പൂണിത്തുറ എം എൽ എ ആയി തെരഞ്ഞെടുക്കപ്പെട്ട ദീപക് ജോയ് കൗൺസിലർ സ്ഥാനത്ത് നിന്നുള്ള രാജിക്കത്ത് നഗരസഭ സെക്രട്ടറിക്ക് കൈമാറുന്നു.*

# സിൽവർ ജൂബിലി എംബിഎ സ്കോളർഷിപ്പ്

**കൊച്ചി:** വാഗമൺ ഡിസി സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ടെക്നോളജി 25 വർഷങ്ങൾ പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി എംബിഎ വിദ്യാർത്ഥികൾക്ക് മെറിറ്റടിസ്ഥാനത്തിൽ നൂറ് ശതമാനം വരെ ട്യൂഷൻ ഫീസ് ഇളവുൾപ്പെടെ സ്കോളർഷിപ്പ് നൽകുന്നു. ഏകദേശം ഒരു കോടിയിലടുത്ത് രൂപയുടെ സ്കോളർഷിപ്പാണ് കോളേജ് പ്രഖ്യാപിച്ചിരിക്കുന്നത്. ആപ്റ്റിട്യൂട് ടെസ്റ്റിന്റെ അടിസ്ഥാനത്തിലായിരിക്കും സ്കോളർഷിപ്പ് നൽകുക. കുറഞ്ഞത് 50% മാർക്കോടെ ബിരുദം നേടിയവർക്കും ഫൈനൽ ഇയർ ഫലം കാത്തിരിക്കുന്നവർക്കും സ്കോളർഷിപ്പിന് അപേക്ഷിക്കാം. എൻബിഎ, നാക്ക് അക്രെഡിറ്റേഷനുകൾ, വ്യവസായ ആവശ്യങ്ങൾക്കനുസരിച്ചുള്ള കെപിഎംജി, ലിങ്ക്ഡ്ഇൻ സർട്ടിഫിക്കേഷനുകൾ, 100% ഗുരുകുല സമ്പ്രദായത്തിലുള്ള പഠനം തുടങ്ങിയവ ഈ കാമ്പസ്സിന്റെ പ്രത്യേകതകളാണ്. കൂടുതൽ വിവരങ്ങൾക്ക് 72900 92218, 7599 03149 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

സൊസൈറ്റി ടുഡേ
SOCIETY TODAY

# തെരുവുനായ ശല്യം: പരിഹാരത്തിന് മാസ്റ്റർ പ്ലാൻ വരുന്നു



**കൊച്ചി:** ജില്ലയിലെ തെരുവുനായ ശല്യത്തിന് ശാശ്വത പരിഹാരം കാണുന്നതിനായി ജില്ലാ കളക്ടർ ജി പ്രിയങ്കയുടെ നേതൃത്വത്തിൽ അവലോകന യോഗം ചേർന്നു. സുപ്രീം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജില്ലയിൽ തെരുവുനായ്ക്കൾക്കായി ഷെൽട്ടറുകൾ ആരംഭിക്കണമെന്ന് ജില്ലാ കളക്ടർ പറഞ്ഞു.

കൊച്ചി കോർപ്പറേഷൻ പരിധിയിൽ ഷെൽട്ടർ നിർമാണത്തിനായി ബ്രഹ്മപുരത്ത് ഒരേക്കറോളം സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ഷെൽട്ടറിന്റെ ഡിസൈൻ ജോലികൾ പുരോഗമിക്കുകയാണ്. കൂടാതെ കളമശ്ശേരി ഗവൺമെന്റ് മെഡിക്കൽ കോളേജ്, കുസാറ്റ്, കോതമംഗലം കറുകുറ്റി എന്നിവിടങ്ങളിലും ഷെൽട്ടറുകൾക്കായി സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ നടന്നുവരികയാണെന്ന് ഉദ്യോഗസ്ഥർ യോഗത്തിൽ അറിയിച്ചു.

ഷെൽട്ടറുകളുടെ സുഗമമായ നടത്തിപ്പിനായി പൊതുജനങ്ങളുടെയും എൻജിഒകളുടെയും സഹായം തേടണം. തെരുവുനായ ശല്യത്തിന് ശാശ്വതമായ പരിഹാരം കാണുന്നതിനായി കൃത്യമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കണമെന്നും ജില്ലാ കളക്ടർ മൃഗസംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

വളർത്തുനായ്ക്കൾക്ക് ലൈസൻസ് നിർബന്ധമാണ്. കെ-സ്മാർട്ട് വഴി ലൈസൻസിനായി അപേക്ഷിക്കാം. വളർത്തുനായ്ക്കളെ തെരുവിൽ ഉപേക്ഷിക്കുന്നത് തടയാനാണിത്. നായ്ക്കളിൽ ചിപ്പുകൾ സ്ഥാപിക്കാനും വാക്സിനേഷൻ നടപടികൾ ഊർജ്ജിതമാക്കുന്നതിനും ജില്ലാ കളക്ടർ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

മൃഗങ്ങളോട് മാനുഷിക പരിഗണന കാണിക്കുമ്പോഴും മനുഷ്യജീവന് മുൻഗണന നൽകണമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി. രാധാകൃഷ്ണൻ പറഞ്ഞു. എല്ലാ നഗരസഭകളിലും ബ്ലോക്ക് പഞ്ചായത്തുകളിലും വന്ധ്യംകരണ കേന്ദ്രങ്ങൾ ആരംഭിക്കണം. തെരുവ് നായ്ക്കളുടെ കൂട്ടക്കുത്തിവെയ്പ്പ് നടപടികൾ ഊർജിതമാക്കേണ്ടതിന് എല്ലാ പഞ്ചായത്തുകളും നഗരസഭകളും പദ്ധതി തയ്യാറാക്കണം. പദ്ധതി പൂർത്തീകരണത്തിനായുള്ള എല്ലാ സഹായസഹകരണങ്ങളും ജില്ലാ പഞ്ചായത്ത് നൽകുമെന്നും അദ്ദേഹം പറഞ്ഞു.

നിലവിലെ എബിസി സെന്ററുകളുടെ സ്ഥിതി ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ. ടി. ആർ ഷേർളി വിശദീകരിച്ചു. കാക്കനാട് കളക്ടറുടെ ചേംബറിൽ ചേർന്ന യോഗത്തിൽ മൃഗസംരക്ഷണം, തദ്ദേശ സ്വയംഭരണം തുടങ്ങിയ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ പങ്കെടുത്തു.

# വേനൽമഴ: ജില്ലയിൽ വ്യാപക നാശനഷ്ടം, പത്തോളം വീടുകൾ ഭാഗികമായി തകർന്നു

**കൊച്ചി:** ജില്ലയിൽ പെയ്ത ശക്തമായ വേനൽമഴയിലും കാറ്റിലും വ്യാപക നാശനഷ്ടം. വിവിധ താലൂക്കുകളിലായി പത്തോളം വീടുകൾ ഭാഗികമായി തകർന്നു. തൃപ്പൂണിത്തുറയിൽ മരം വീണ് കാറിന് കേടുപാടുകൾ സംഭവിച്ചു. ശക്തമായ കാറ്റിലും മഴയിലും കോതമംഗലം താലൂക്കിൽ നാല് വീടുകൾ ഭാഗികമായി തകർന്നു. മൂവാറ്റുപുഴ താലൂക്കിന്റെ വിവിധ ഭാഗങ്ങളിലായി രണ്ടും കൊച്ചി നഗരപരിധിയിൽ രണ്ടും വീതം വീടുകൾക്ക് കേടുപാടുകൾ പറ്റി. തൃപ്പൂണിത്തുറയിലും രണ്ട് വീടുകൾ ഭാഗികമായി തകർന്നു. തൃപ്പൂണിത്തുറ മെട്രോ സ്റ്റേഷന് സമീപമുള്ള പാർക്കിംഗ് ഗ്രൗണ്ടിൽ നിർത്തിയിട്ടിരുന്ന കാറിന് മുകളിൽ മരച്ചില്ലകൾ ഒടിഞ്ഞു വീണു.

മൂവാറ്റുപുഴ താലൂക്കിലെ വെള്ളൂർക്കുന്നം വില്ലേജിൽ വൈകുന്നേരമുണ്ടായ ശക്തമായ കാറ്റിലും മഴയിലും ഇ ഇ സി മാർക്കറ്റിന്റെ മുൻവശത്ത് മരം ഒടിഞ്ഞ് റോഡിലേക്ക് വീണു. ഇതേത്തുടർന്ന് ഗതാഗതം തടസ്സപ്പെട്ടു. അഗ്നിശമനസേന സ്ഥലത്തെത്തി മരം മുറിച്ചുമാറ്റി ഗതാഗതം പുനസ്ഥാപിച്ചു. മൂവാറ്റുപുഴയിലെ ടാറ്റാ മോട്ടോഴ്സ് കെട്ടിടത്തിന്റെ മേൽക്കൂര തകർന്ന് വീണ് അവിടെ പാർക്ക് ചെയ്തിരുന്ന നിരവധി കാറുകൾക്ക് കേടുപാടുകൾ സംഭവിച്ചു. ജില്ലയിൽ വരും ദിവസങ്ങളിലും വേനൽമഴ തുടരാൻ സാധ്യതയുള്ളതിനാൽ പൊതുജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് അധികൃതർ അറിയിച്ചു.

## റീ-ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2025-26 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി റീ-ടെൻഡർ ക്ഷണിച്ചു. ടെൻഡറുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങളും നിബന്ധനകളും മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിലെ തദ്ദേശ സ്വയം ഭരണ വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്ന് നേരിട്ട് ലഭ്യമാണ് . ഫോൺ :0484 2742360.

# 20% വില വർദ്ധനവ് ഉറപ്പുവരുത്തണമെന്ന് ആഹ്വാനവുമായി കെ.പി.എ. യൂണീറ്റ് സമ്മേളനം സമാപിച്ചു

**കോലഞ്ചേരി:** യുദ്ധസാഹചര്യങ്ങൾ അസംസ്കൃത വസ്തുക്കളുടെ ഇറക്കുമതി ചെലവ് കുതിച്ചുയർത്തിയത് അച്ചടിസ്ഥാപനങ്ങളുടെ ദൈനംദിന ചെലവ് ഉയർത്തിയെന്നും, ഈ സാഹചര്യത്തിൽ സ്ഥാപനങ്ങളുടെ പിടിച്ചുനിൽപ്പിന് ചുരുങ്ങിയത് 20% എങ്കിലും വില വർദ്ധനവ് ഉറപ്പുവരുത്തണമെന്ന് കെ.പി.എ. പുത്തൻകുരിശ്-കോലഞ്ചേരി യൂണിറ്റ് സമ്മേളനം ഉത്ഘാടനം നിർവ്വഹിച്ച് തൃപ്പൂണിത്തുറ മേഖല പ്രസിഡന്റ് സി.ആർ. ബെൻ പറഞ്ഞു. ഉത്പാദന ചെലവ് കൂടുന്നതും അച്ചടി ജോലികൾ ഗണ്യമായി കുറവ് വരുന്നതും പ്രസ്സുകളെ സംബന്ധിച്ചിടത്തോളം അടച്ചുപൂട്ടലിന്റെ ഭീഷണിയിലാണെന്നും ഉപഭോക്താക്കളെ വിവിധ മാധ്യമങ്ങളിലൂടെയും നേരിട്ടും ബോധവൽക്കരിച്ച് ഈ മേഖലയെ പിടിച്ചുനിർത്തേണ്ടത് ഓരോ ഉടമയുടേയും ഉത്തരവാദിത്തമാണെന്നും കെ.പി.എ. സംസ്ഥാന സെക്രട്ടറി ശ്രീനി സി. അഭ്യർത്ഥിച്ചു. സമ്മേളനത്തിൽ യൂണിറ്റ് പ്രസിഡന്റ് ജോർജ് കെ.സി. അധ്യക്ഷനായിരുന്നു. വെസ്റ്റ് കോലഞ്ചേരിയിൽ കെ.പി.കെ. ടവറിൽ മെയ് 12 ചൊവ്വാഴ്ച വൈകിട്ട് 7 മണിക്ക് നടന്ന സമ്മേളനത്തിൽ മേഖല വൈസ് പ്രസിഡന്റ് അനുകുമാർ കെ.സി., സെക്രട്ടറി വിനിഷ് ടി.എസ്., ട്രഷറർ ജോം ജി. വർഗീസ്, തൃപ്പൂണിത്തുറ യൂണീറ്റ് സെക്രട്ടറി സിജു പി.എസ്., മാത്യു കിങ്ങിണിമറ്റം, പി.പി. പൗലോസ്, എൽദോസ് എം.എ. തുടങ്ങിയവരും സംബന്ധിച്ചു.




# അക്കൗണ്ടന്റ് താത്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കുടുംബശ്രീ എറണാകുളം ജില്ലാമിഷൻ മുളന്തുരുത്തി ബ്ലോക്കിൽ നടപ്പിലാക്കുന്ന മൈക്രോ എന്റർപ്രൈസ് റിസോഴ്സ് സെന്റർ (എംഇആർസി) പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്ന എംഇആർസി സെന്ററിലേക്ക് താൽക്കാലിക കരാർ അടിസ്ഥാനത്തിൽ അക്കൗണ്ടന്റ് തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു.

അപേക്ഷകർ 01.07.2026 ന് 18 നും 35 നും മദ്ധ്യേ പ്രായമുള്ളവരായിരിക്കണം. കുടുംബശ്രീ അംഗമോ, കുടുംബാംഗമോ, ഓക്സിലറി അംഗമോ ആയിരിക്കണം. മുളന്തുരുത്തി ബ്ലോക്ക് പരിധിയിലെ താമസക്കാർക്ക് മുൻഗണന ഉണ്ടായിരിക്കും. എം.കോം, ടാലി, ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എന്നിവ വിദ്യാഭ്യാസ യോഗ്യതയായി ഉണ്ടായിരിക്കണം. കൂടാതെ കുറഞ്ഞത് ഒരു വർഷത്തെ പ്രവൃത്തി പരിചയവും നിർബന്ധമാണ്. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിമാസം പരമാവധി 20,000 രൂപ വരെ വേതനം ലഭിക്കും. നിശ്ചിത മാതൃകയിലുള്ള അപേക്ഷ, ബയോഡാറ്റ, വിദ്യാഭ്യാസ യോഗ്യത സർട്ടിഫിക്കറ്റുകൾ, പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് എന്നിവ സഹിതം മെയ് 18 ന് വൈകുന്നേരം 5 മണിക്ക് മുമ്പായി ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ മിഷൻ, പെൻഷൻ ഭവൻ, അത്താണി, കാക്കനാട്, പിൻ - 682030 എന്ന വിലാസത്തിൽ സമർപ്പിക്കണം.

കൂടുതൽ വിവരങ്ങൾക്കും അപേക്ഷ ഫോറത്തിനുമായി ബന്ധപ്പെട്ട സിഡിഎസ് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# കുട്ടികളിലെ സംസാര വൈകല്യം: എന്താണ് ചൈൽഡ്ഹുഡ് അപ്രാക്സിയ ഓഫ് സ്പീച്ച്



ഡോ. ജോസഫ് സണ്ണി കുന്നശ്ശേരി

തന്റെ ഉള്ളിലുള്ള കാര്യങ്ങൾ കൃത്യമായി പറയാൻ ആഗ്രഹമുണ്ടായിട്ടും, അത് പുറത്തേക്ക് പ്രകടിപ്പിക്കാൻ കഴിയാതെ കുട്ടികൾ ബുദ്ധിമുട്ടുന്നത് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? വാക്കുകൾ നാവിലുണ്ടെങ്കിലും അവ ശബ്ദമായി പുറത്തുവരാൻ തടസ്സം നേരിടുന്നുണ്ടെങ്കിൽ, അത് ചൈൽഡ്ഹുഡ് അപ്രാക്സിയ ഓഫ് സ്പീച്ച് (Child-hood Apraxia of Speech - CAS) എന്ന അവസ്ഥയാകാം.

കുട്ടിക്ക് എന്ത് പറയണമെന്ന് കൃത്യമായ ബോധ്യമുണ്ടാകും, എന്നാൽ അത് പറയാൻ ആവശ്യമായ പേശീചലനങ്ങളെ (നാവ്, ചുണ്ട്, താടിയെല്ല്) കൃത്യമായി ഏകോപിപ്പിക്കാൻ തലച്ചോറിന് സാധിക്കാതെ വരുന്നു. പലപ്പോഴും ആളുകൾ ഇതിനെ സാധാരണ സംസാര വൈകല്യമായി തെറ്റിദ്ധരിക്കാറുണ്ട്. എന്നാൽ സംസാരത്തിന് സഹായിക്കുന്ന പേശികൾക്ക് ബലക്കുറവോ തളർച്ചയോ ഉള്ളതുകൊണ്ടല്ല കുട്ടിക്ക് സംസാരിക്കാൻ കഴിയാത്തത്. സംസാരിക്കാൻ വേണ്ടി പേശികൾക്ക് നൽകേണ്ട സന്ദേശങ്ങൾ കൃത്യമായ ക്രമത്തിൽ നൽകാൻ തലച്ചോറിന് കഴിയുന്നില്ല. ഇതൊരു അപൂർവമായ ന്യൂറോളജിക്കൽ ഡിസോർഡർ ആണ്.



## എന്താണ് ചൈൽഡ്ഹുഡ് അപ്രാക്സിയ ഓഫ് സ്പീച്ച്?

നമ്മുടെ സംസാരം എന്നത് തലച്ചോറും പേശികളും തമ്മിലുള്ള ഒരു ഏകോപനമാണ്. സംസാരിക്കുമ്പോൾ ചുണ്ടുകൾ, നാവ്, താടിയെല്ല് എന്നിവ കൃത്യമായ രീതിയിൽ ഒരുമിച്ചു പ്രവർത്തിക്കുമ്പോഴാണ് മനുഷ്യന് സംസാരിക്കാൻ സാധിക്കുന്നത്. എന്നാൽ സി എ എസ് ബാധിച്ച ഒരു കുട്ടിക്ക് ഈ അവയവങ്ങളിൽ ഒന്നും കൃത്യമായി നിയന്ത്രിക്കാൻ സാധിക്കുകയില്ല. കുട്ടികൾ അധികം സംസാരിക്കാതിരിക്കുക. ആദ്യ വാക്കുകൾ പ്രതീക്ഷിച്ചതിനും വൈകി സംസാരിക്കുക. എന്നിവയൊക്കെ സി എ എസിന്റെ ലക്ഷണങ്ങളാണ്. വളരുന്തോറും അവരുടെ സംസാരം മനസ്സിലാക്കാൻ ബുദ്ധിമുട്ടായിരിക്കും. വികലമായ ശബ്ദങ്ങൾ, പിശകുകൾ, അസാധാരണമായ താളം എന്നിവയൊക്കെ അവരുടെ വാക്കുകളിൽ കാണപ്പെടുന്നു.

## പ്രധാന ലക്ഷണങ്ങൾ

സാധാരണയായി 18 മാസം മുതൽ 2 വയസ്സ് വരെയുള്ള കാലയളവിൽ ആണ് സി എ എസിന്റെ ലക്ഷണങ്ങൾ കണ്ട് തുടങ്ങുക. എന്നാൽ കുട്ടിയുടെ പ്രായത്തിനനുസരിച്ച് ലക്ഷണങ്ങളിൽ മാറ്റം വരാം. സമപ്രായക്കാരായ മറ്റ് കുട്ടികളേക്കാൾ കുറച്ച് വാക്കുകൾ മാത്രം പറയുന്നതോ, മനസ്സിലാക്കാൻ പ്രയാസമുള്ള രീതിയിൽ സംസാരിക്കുന്നതോ ആണ് പ്രാഥമിക ലക്ഷണം. മറ്റ് ലക്ഷണങ്ങൾ ഇവയൊക്കയാണ്:



1. ശബ്ദങ്ങളോ വാക്കുകളോ അനുകരിക്കുന്നതിൽ ബുദ്ധിമുട്ട്
2. ആദ്യ വാക്കുകൾ സംസാരിക്കാൻ വളരെയധികം വൈകുക.
3. ഒരേ വാക്ക് തന്നെ ഓരോ തവണയും ഓരോ രീതിയിൽ ഉച്ചരിക്കുക.
4. വാക്കുകൾക്കിടയിൽ അസ്വാഭാവികമായ വിടവുകൾ വരികയോ, അക്ഷരങ്ങളിൽ തെറ്റായ രീതിയിൽ ഊന്നൽ നൽകുകയോ ചെയ്യുക.
5. വികലമായ സ്വരാക്ഷര ശബ്ദങ്ങൾ

## ചികിത്സാ രീതികൾ


സി.എ.എസ് (CAS) ബാധിച്ച കുട്ടികൾക്ക് സാധാരണ സ്പീച്ച് തെറാപ്പിയിൽ നിന്നും വ്യത്യസ്തമായ, കൂടുതൽ തീവ്രവും ചിട്ടയായതുമായ ഒരു ചികിത്സാ രീതിയാണ് ആവശ്യം. കൃത്യമായ സമയത്തുള്ള ഇടപെടലിലൂടെ ഇവരുടെ സംസാരശേഷിയിൽ അത്ഭുതകരമായ മാറ്റങ്ങൾ കൊണ്ടുവരാൻ സാധിക്കും. സി.എ.എസ് തെറാപ്പി കേവലം വാക്കുകൾ പഠിപ്പിക്കലല്ല, മറിച്ച് തലച്ചോറിൽ നിന്ന് പേശികളിലേക്കുള്ള സന്ദേശങ്ങളെ ഏകോപിപ്പിക്കുകയാണ് ചെയ്യുന്നത്. സി എ എസ്-നുള്ള തെറാപ്പി സ്റ്റാൻഡേർഡ് സ്പീച്ച് തെറാപ്പിയിൽ നിന്ന് വ്യത്യസ്തമാണ്. ഇത് കൂടുതൽ തീവ്രവും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതും വ്യക്തിഗതവുമാണ്. അത്തരം സെക്ഷനുകളിൽ ആവർത്തനം, ദൃശ്യ സൂചനകൾ (തെറാപ്പിസ്റ്റിന്റെ വായ നിരീക്ഷിച്ച് അനുകരിക്കൽ), സ്പർശന അധിഷ്ഠിത പ്രോംപ്റ്റുകൾ ('ഊ' ശബ്ദത്തിനായി ചുണ്ടുകൾ വളയാൻ സഹായിക്കുന്നതുപോലെ) എന്നിവയിലൂടെ ശബ്ദങ്ങൾ ആസൂത്രണം ചെയ്യാനും പറയാനും പഠിപ്പിക്കുന്നു. ഇത്തരം കാര്യങ്ങളിൽങ്ങളിൽ മാതാപിതാക്കൾക്കും വീട്ടിൽ തുടർച്ചയായ പരിശീലനം നൽകാം.

സംസാരം വൈകുന്നത് കുട്ടികളിൽ വലിയ നിരാശയുണ്ടാക്കാം. ലളിതമായ ആംഗ്യങ്ങളിലൂടെ ആവശ്യങ്ങൾ അറിയിക്കാൻ കുട്ടിയെ പരിശീലിപ്പിക്കാം. സംഭാഷണം സൃഷ്ടിക്കുന്ന ടാബ്ലെറ്റ് ആപ്പുകൾ (Speech Generating Apps) കുട്ടിയുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും ആശയവിനിമയം സുഗമമാക്കുകയും ചെയ്യും.

സി എ എസ് ഉള്ള കുട്ടികളിൽ സ്പീച്ച് തെറാപ്പിക്കൊപ്പം തൊഴിൽ അല്ലെങ്കിൽ ഫിസിക്കൽ തെറാപ്പി ഉൾപ്പെടുന്ന ഒരു മൾട്ടി ഡിസിപ്ലിനറി സമീപനം പലപ്പോഴും മികച്ച ഫലങ്ങളിലേക്ക് നയിക്കുന്നു.

സി.എ.എസ് പരിഹരിക്കപ്പെടുന്നത് പെട്ടെന്നുള്ള ഒരു പ്രക്രിയയല്ല. ഇതിന് വളരെയധികം ക്ഷമയും പ്രോത്സാഹനവും ആവശ്യമാണ്. വിദഗ്ദ്ധ സഹായത്തോടെ വീട്ടിലും പരിശീലനം തുടരുന്നത് പുരോഗതി വേഗത്തിലാക്കും. കുട്ടിക്ക് സംസാരിക്കാൻ ബുദ്ധിമുട്ടുണ്ടെന്ന് തോന്നിയാൽ കാത്തിരിക്കാതെ എത്രയും വേഗം ഒരു സ്പീച്ച് പതോളജിസ്റ്റിനെ കാണുക. നേരത്തെയുള്ള ഇടപെടലാണ് ഏറ്റവും നല്ല മരുന്ന്.

**തയ്യാറാക്കിയത്: ഡോ. ജോസഫ് സണ്ണി കുന്നശ്ശേരി, സ്ഥാപകൻ, പ്രയത്ന, കൊച്ചി**



# സ്പാർട്ടൻ എഐ ടവർ എയർ കണ്ടീഷണർ അവതരിപ്പിച്ച് ഹയർ അപ്ലയൻസസ് ഇന്ത്യ

**കോഴിക്കോട്:** ലോകത്തിലെ മുൻനിര ഹോം അപ്ലയൻസ് ബ്രാൻഡുകളിലൊന്നായ ഹയർ അപ്ലയൻസസ് ഇന്ത്യ, നിർമിതബുദ്ധി അടിസ്ഥാനമാക്കിയുള്ള 'എഐ-അറ്റ്മോക്സ്' സാങ്കേതികവിദ്യയിൽ പ്രവർത്തിക്കുന്ന പ്രീമിയം സ്പാർട്ടൻ എഐ ടവർ എയർ കണ്ടീഷണർ അവതരിപ്പിച്ചു. ആധുനിക വീടുകൾക്കായി കരുത്തും പ്രൗഢിയാർന്ന രൂപകൽപ്പനയും ഉയർന്ന പ്രകടനക്ഷമതയും സമന്വയിപ്പിക്കുന്ന നൂതന കൂളിംഗ് പരിഹാരമാണിത്.

സാങ്കേതികവിദ്യയ്ക്കും സൗന്ദര്യ ശൈലിക്കും ഒരുപോലെ മുൻഗണന നൽകുന്ന ഉപഭോക്താക്കളെ ലക്ഷ്യമിട്ടാണ് ഈ എയർ കണ്ടീഷണർ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഇത് എഐ ക്ലൈമറ്റ് കൺട്രോൾ 2.0, ഡൈനാമിക് എൻവയോൺമെന്റൽ അഡാപ്റ്റേഷൻ, എഐ പ്രീ-കൂളിംഗ് എന്നിവയിലൂടെ ഉപയോക്താക്കളുടെ ശീലങ്ങളും കാലാവസ്ഥയും തത്സമയം വിശകലനം ചെയ്ത് മികച്ച കൂളിംഗ് അനുഭവം നൽകുന്നു. എഐ ഒഡ്യൂ സൈക്ലോൺ ക്ലീൻ', 'എഐ ഫ്രോസ്റ്റ് സെൽഫ് ക്ലീൻ' സാങ്കേതികവിദ്യകൾ വഴി ഇൻഡോർ, ഔട്ട്ഡോർ യൂണിറ്റുകൾ സ്വയം ശുചിയാക്കപ്പെടുന്നു. ഇത് കുറഞ്ഞ വൈദ്യുതി ഉപയോഗത്തിലൂടെ കൂടുതൽ കാര്യക്ഷമത ഉറപ്പാക്കുന്നു. കൂടാതെ സൂപ്പർസോണിക് കൂളിംഗ് വഴി അതിവേഗത്തിൽ തണുപ്പ് ലഭ്യമാക്കാൻ സഹായിക്കുന്ന സാങ്കേതികവിദ്യയും ഈ മോഡലിലുണ്ട്.




ആധുനിക ഇന്ത്യൻ കുടുംബങ്ങളുടെ ജീവിതശൈലിയോട് പൊരുത്തപ്പെടുന്ന മെച്ചപ്പെട്ട കൂളിംഗ് അനുഭവം നൽകുകയാണ് സ്പാർട്ടൻ എഐ ടവർ വഴി ലക്ഷ്യമിടുന്നതെന്ന് ഹയർ അപ്ലയൻസസ് ഇന്ത്യ മുഖ്യ നിർവാഹക ഓഫീസർ എൻ.എസ്. സതീഷ് വ്യക്തമാക്കി. ഏകദേശം 99,000 രൂപ മുതൽ വില ആരംഭിക്കുന്ന ഈ മോഡൽ രാജ്യത്തെ പ്രമുഖ ഓൺലൈൻ പ്ലാറ്റ്ഫോമുകളിലും ഓഫ്ലൈൻ ഷോറൂമുകളിലും ലഭ്യമാണ്. ഉപഭോക്താക്കൾക്കായി ആകർഷകമായ ക്യാഷ്ബാക്ക് ആനുകൂല്യങ്ങളും ഇഎംഐ സൗകര്യങ്ങളും കമ്പനി വാഗ്ദാനം ചെയ്യുന്നു.

## കള്ള് വ്യവസായ തൊഴിലാളികളുടെ മക്കൾക്ക് പഠന കിറ്റ്: അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കളിൽ 2026-27 അധ്യയന വർഷത്തിൽ ഒന്നാം ക്ലാസ്സ് മുതൽ ഏഴാം ക്ലാസ്സ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠന കിറ്റുകൾ വിതരണം ചെയ്യുന്നു.

ക്ഷേമനിധി ബോർഡിന്റെ ഈ ആനുകൂല്യത്തിന് അർഹരായവർ നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 2026 മെയ് 15 ആണ്. അപേക്ഷാ ഫോമുകൾ കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ എറണാകുളം ജില്ലാ ഓഫീസിൽ നിന്നും കള്ള് വ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന വിവിധ ട്രേഡ് യൂണിയൻ ഓഫീസുകളിൽ നിന്നും ലഭ്യമാണ്. ഫോൺ :0484 - 2800581

# സോണി ബ്രാവിയ 3II പുറത്തിറക്കി

**കൊച്ചി:** സോണി ഇന്ത്യ പുതിയ ബ്രാവിയ 3II ടിവി ശ്രേണി പുറത്തിറക്കി. എക്സ്ആർ പ്രൊസസർ, 4കെ 120 ഹെർട്സ്, എക്സ്ആർ ട്രിലൂമിനസ് പ്രോ, ഡോൾബി വിഷൻ, ഡോൾബി അറ്റ്മോസ് തുടങ്ങിയ സാങ്കേതികവിദ്യകളോട് കൂടിയാണ് പുതിയ മോഡലുകൾ എത്തുന്നത്. ഉപഭോക്താക്കൾക്ക് കൂടുതൽ മികച്ച ദൃശ്യ- ശ്രാവ്യ അനുഭവം നൽകുകയെന്ന ലക്ഷ്യത്തോടെയാണ് പുതിയ ബ്രാവിയ 3II ശ്രേണി അവതരിപ്പിച്ചത്. ആദ്യ ഘട്ടത്തിൽ 55 ഇഞ്ച്, 65 ഇഞ്ച് മോഡലുകളാണ് പുറത്തിറങ്ങുന്നത്. 100 ഇഞ്ച് വേരിയന്റ് ജൂലൈ - ഓഗസ്റ്റ് മാസങ്ങൾക്കിടയിൽ പുറത്തിറങ്ങുമെന്നാണ് പ്രതീക്ഷിക്കുന്നത്.




സോണിയുടെ അത്യാധുനിക എക്സ്ആർ പ്രോസസറിന്റെ കരുത്തിൽ മാറ്റങ്ങളുമായാണ് സോണി ബ്രാവിയ 3II എത്തുന്നത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസും കോഗ്നിറ്റീവ് ഇന്റലിജൻസും ഒരേപോലെ സമന്വയിപ്പിച്ചാണ് ഈ ടെലിവിഷൻ പ്രവർത്തിക്കുന്നത്. എക്സ്-ആർ ട്രിലുമിനോസ് പ്രോ സാങ്കേതികവിദ്യയുടെ കരുത്തിൽ പ്രവർത്തിക്കുന്ന ഈ ടെലിവിഷൻ കോടിക്കണക്കിന് നിറഭേദങ്ങൾ കൃത്യതയോടെ പുനരാവിഷ്കരിക്കുന്നു. മോഷൻഫ്ളോ എക്സ്ആർ സാങ്കേതികവിദ്യ ദൃശ്യങ്ങളെ കൂടുതൽ സുഗമവും തടസ്സമില്ലാത്തതുമാക്കുന്നു. ഈ ടിവി ശ്രേണിയിൽ ഡോൾബി വിഷനും ഡോൾബി അറ്റ്മോസും ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ സിനിമാ തിയേറ്ററിനോട് സമാനമായ ദൃശ്യാനുഭവം സ്വന്തം വീട്ടിലിരുന്ന് ആസ്വദിക്കാനാകും. എച്ച്.ഡി.എം.ഐ. 2.1ലൂടെ ബ്രാവിയ 3II സിരീസ് 120 എഫ്പിഎസിൽ 4കെ സപ്പോർട്ട് ചെയ്യുന്നതിനാൽ ഗെയിമിംഗിന് ഇത് ഉചിതമാണ്. പ്ലേസ്റ്റേഷൻ 5 നായുള്ള പ്രത്യേക ക്രമീകരണവും പി.എസ്. റിമോട്ട് പ്ലേ സംവിധാനവും ഈ മോഡലിൽ ലഭ്യമാണ്. ഗൂഗിൾ ടി.വി.യുടെ സഹായത്തോടെ നാലുലക്ഷത്തിലധികം സിനിമകളും ടി.വി ഷോകളും ആയിരക്കണക്കിന് ആപ്പുകളും ഗെയിമുകളും ഉപയോക്താക്കൾക്ക് ലഭിക്കും. ഹാൻഡ്സ് ഫ്രീ വോയിസ് സർച്ച് ഓപ്ഷനും ഇതിലു്. ആപ്പിൾ ഗൂഗിൾ കാസ്റ്റ്, എയർ പ്ലേ2, ആപ്പിൾ ഹോംകിറ്റ്, ആമസോൺ അലക്സ തുടങ്ങിയ കണക്റ്റിവിറ്റി സംവിധാനങ്ങളുമുണ്ട്. ഒ.ടി.എ. അപ്ഡേറ്റിലൂടെ ഗൂഗിൾ ജെമിനിയും ലഭ്യമാക്കും. സോണി പിക്ചേഴ്സ് കോർ വഴി ഐമാക്സ് എൻഹാൻസ്ഡ് പതിപ്പുകൾ ഉൾപ്പെടെ സ്റ്റുഡിയോ നിലവാരത്തിലുള്ള സിനിമകൾ ലഭ്യമാകും. പ്യൂർ സ്ട്രീം സാങ്കേതികവിദ്യയുടെ കരുത്തിൽ സെക്കൻഡിൽ 80 എംബിപിഎസ് വരെയുള്ള വേഗതയിൽ ദൃശ്യങ്ങൾ സ്ട്രീം ചെയ്യാൻ സാധിക്കും. ഇതിലൂടെ 4കെ ബ്ലൂ-റേ നിലവാരത്തിന് സമാനമായ ദൃശ്യ വ്യക്തത ഉറപ്പാക്കുന്നു.

55 ഇഞ്ച്, 65 ഇഞ്ച്, 75 ഇഞ്ച്, 85 ഇഞ്ച് മോഡലുകളിലാണ് ബ്രാവിയ 3കക ലഭ്യമാകുക. 55 ഇഞ്ചിന് 1,59,900 രൂപയും (ഓഫറിൽ 99,990), 65 ഇഞ്ചിന് 1,99,900 രൂപയും (ഓഫറിൽ 1,24,990), 75 ഇഞ്ചിന് 2,89,900 രൂപയും (ഓഫറിൽ 1,79,990), 85 ഇഞ്ചിന് 5,19,900 (ഓഫറിൽ 3,05,990) രൂപയുമാണ് വില. 55, 65, 75 ഇഞ്ച് ടിവികൾ മെയ് മുതലും 85 ഇഞ്ച് ടിവികൾ ആഗസ്റ്റ് മുതലും ഇന്ത്യയിലെ സോണി റീട്ടെയിൽ സ്റ്റോറുകളിലും ㅇㅇㅇ.ടവീുമടേഇ.രീാ പ്രമുഖ ഇലക്ട്രോണിക് വിൽപ്പന കേന്ദ്രങ്ങളിലും ഇ-കൊമേഴ്സ് പ്ലാറ്റഫോമികളിലും ലഭിക്കും.

# നുബിനിക്സ് ടെക്നോളജീസിനെ ഏറ്റെടുത്ത് സെയിന്റ്സ് ആൻഡ് മാസ്റ്റേഴ്സ്

**കൊച്ചി :** ക്ലൗഡ്, എഐ, ഡാറ്റ, സൈബർ സുരക്ഷാ മേഖലകളിൽ പ്രവർത്തിക്കുന്ന ആഗോള സ്ഥാപനമായ സെയിന്റ്സ് ആൻഡ് മാസ്റ്റേഴ്സ് (Saints & Masters), പ്രമുഖ ക്ലൗഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനിയായ നുബിനിക്സ് ടെക്നോളജീസിനെ (Nubinix Technologies) ഏറ്റെടുത്തു. ആഗോളതലത്തിൽ വിപുലീകരിക്കാവുന്ന ക്ലൗഡ്-ഡിജിറ്റൽ സേവന പ്ലാറ്റ്ഫോം കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തിലേക്കുള്ള നിർണായക ചുവടുവെപ്പാണ് ഈ നീക്കമെന്ന് കമ്പനി അധികൃതർ അറിയിച്ചു.

2024-ൽ പ്രവർത്തനമാരംഭിച്ച നുബിനിക്സ് ചുരുങ്ങിയ കാലയളവിനുള്ളിൽ ഇന്ത്യയിലും മിഡിൽ ഈസ്റ്റിലും ക്ലൗഡ് സേവന രംഗത്ത് ശ്രദ്ധേയമായ സാന്നിധ്യമായി മാറിയിരുന്നു. ഈ ഏറ്റെടുക്കലിലൂടെ എഡബ്ല്യുഎസ് (AWS), മൈക്രോസോഫ്റ്റ് അസൂർ (Azure), മൾട്ടി ക്ലൗഡ് പ്ലാറ്റ്ഫോമുകൾ എന്നിവയിൽ കൂടുതൽ കരുത്തുറ്റ സേവനങ്ങൾ നൽകാൻ സെയിന്റ്സ് ആൻഡ് മാസ്റ്റേഴ്സിന് സാധിക്കും. ഇതോടൊപ്പം ക്ലൗഡ് ആർക്കിടെക്ചർ, മൈഗ്രേഷൻ, ഇൻഫ്രാസ്ട്രക്ചർ മാനേജ്മെന്റ്, സെർവർലെസ് കമ്പ്യൂട്ടിംഗ് തുടങ്ങിയ മേഖലകളിൽ കമ്പനിയുടെ സാങ്കേതിക വൈദഗ്ധ്യം വർദ്ധിപ്പിക്കാനും പുതിയ നീക്കം സഹായിക്കും.

എഡബ്ല്യുഎസിലുള്ള (AWS) മികച്ച വൈദഗ്ധ്യവും കരുത്തുറ്റ ക്ലൗഡ് അടിസ്ഥാന സൗകര്യങ്ങളും ഈ ഏറ്റെടുക്കലിലൂടെ സെയിന്റ്സ് ആൻഡ് മാസ്റ്റേഴ്സിന് ലഭിക്കുമെന്ന് കമ്പനി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ജയകൃഷ്ണൻ ജി പറഞ്ഞു. കമ്പനിയുടെ ദീർഘകാല വളർച്ചാ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ ഈ നീക്കം കരുത്താകുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

ഏറ്റെടുക്കലിന്റെ ഭാഗമായി നുബിനിക്സ് നേതൃനിരയിലുള്ളവർ സെയിന്റ്സ് ആൻഡ് മാസ്റ്റേഴ്സിന്റെ ചുമതലകൾ നിർവഹിക്കും. ഇത് നിലവിലെ ഉപഭോക്താക്കൾക്ക് തടസ്സമില്ലാത്ത സേവനം ഉറപ്പാക്കാൻ സഹായിക്കും. ഇന്ത്യയ്ക്ക് പുറമെ ടൊറന്റോ, ഡിട്രോയിറ്റ്, ലൻ, സ്കോപ്യേ, സിംഗപ്പൂർ, സിഡ്നി എന്നിവിടങ്ങളിലും സെയിന്റ്സ് ആൻഡ് മാസ്റ്റേഴ്സിന് സാന്നിധ്യമുണ്ട്.

# ശാസ്ത്രവിസ്മയമൊരുക്കി കുട്ടി ശാസ്ത്രജ്ഞർ; ഇൻസ്പയർ അവാർഡ് മനാക് പ്രദർശനം

**കൊച്ചി:** വിദ്യാർഥികളിൽ ശാസ്ത്രാഭിരുചി വളർത്തുന്നതിനായി കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പും നാഷണൽ ഇന്നൊവേഷൻ ഫൗണ്ടേഷനും സംയുക്തമായി സംഘടിപ്പിക്കുന്ന ഇൻസ്പയർ അവാർഡ് മനാകിന്റെ സംസ്ഥാനതല പ്രദർശനം ശ്രദ്ധേയമായി. എറണാകുളം ഗവ. ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ സംഘടിപ്പിച്ച പ്രദർശ പരിപാടി കൊച്ചി കോർപ്പറേഷൻ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ജിസ്മി ജെറാൾഡ് ഉദ്ഘാടനം ചെയ്തു. പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ ആർ.എസ്. ഷിബു ചടങ്ങിൽ അധ്യക്ഷനായി.

സ്കൂൾ തലത്തിൽ ആറ് മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർഥികളിൽ നിന്ന് ഒരു സ്കൂളിൽ നിന്ന് അഞ്ച് ആശയങ്ങൾ വീതമാണ് സ്വീകരിച്ചത്. തിരഞ്ഞെടുക്കപ്പെട്ട ആശയങ്ങൾ പ്രായോഗിക രൂപത്തിലാക്കാൻ 10,000 രൂപ വീതം സ്പോൺസർഷിപ്പ് നൽകി. ജില്ലാതല മത്സരങ്ങളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട 10 ശതമാനം വിദ്യാർഥികളാണ് സംസ്ഥാനതല പ്രദർശനത്തിൽ മാറ്റുരയ്ക്കുന്നത്. ഇവിടെ മികവ് തെളിയിക്കുന്ന 10 ശതമാനം പേർക്ക് ദേശീയതല മത്സരത്തിൽ പങ്കെടുക്കാൻ അവസരം ലഭിക്കും.

വിദ്യാഭ്യാസ ഉപഡയറക്ടർ സുബിൻ പോൾ, സ്റ്റേറ്റ് നോഡൽ ഓഫീസർ ദീപ മാർട്ടിൻ, എറണാകുളം ജില്ലാ വിദ്യാഭ്യാസ ഓഫീസർ സക്കീന മലയിൽ കണ്ണഞ്ചേരി,സ്കൂൾ ഹെഡ്മിസ്ട്രസ് വി.ഒ.ആനിമ്മ എന്നിവർ പങ്കെടുത്തു.

# സ്പോട്ട് അഡ്മിഷൻ

**കൊച്ചി:** മുളന്തുരുത്തി സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിൽ എട്ടാം ക്ലാസിലെ ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് പോട്ട് അഡ്മിഷൻ ആരംഭിച്ചു. താല്പര്യമുള്ളവർ ബന്ധപ്പെട്ട രേഖകൾ സഹിതം സ്കൂളിൽ നേരിട്ട് എത്തോണ്. ഫോൺ: 9400995128, 9645961710

# ബജാജ് പൾസർ 150, 125 മോഡലുകൾക്ക് ഇളവ് പ്രഖ്യാപിച്ചു




**കൊച്ചി:** ലോകത്തിലെ ഏറ്റവും മൂല്യമേറിയ ടൂവീലർ, ത്രീ വീലർ വാഹന നിർമാതാക്കളായ ബജാജ് ഓട്ടോ ലിമിറ്റഡ്, ജനപ്രിയ മോഡലുകളായ പൾസർ 150, പൾസർ 125 എന്നിവക്ക് പരിമിതകാല ഓഫർ പ്രഖ്യാപിച്ചു. യഥാക്രമം 1,10,896 രൂപയിലും 87,255 രൂപയിലും (എക്സ്ഷോറൂം, ഡൽഹി) വില ആരംഭിക്കുന്ന പൾസർ 150, പൾസർ 125 മോഡലുകൾക്ക് ഇപ്പോൾ പരിമിതകാലത്തേക്ക് 3,000 രൂപ ഇളവ് ലഭിക്കും. മികച്ച പാരമ്പര്യവും കുറഞ്ഞ ചെലവിൽ മികച്ച പെർഫോമൻസും ആഗ്രഹിക്കുന്ന റൈഡർമാർക്ക് ഈ ഓഫറിലൂടെ പൾസർ സ്വന്തമാക്കാം.

പുതുക്കിയ ഈ മോഡലുകൾ കൂടുതൽ ഊർജ്ജസ്വലമായ പുതിയ നിറങ്ങളിലും പുതിയ ഗ്രാഫിക്സിലുമാണ് അവതരിപ്പിച്ചിരിക്കുന്നത്. ഇത് വാഹനങ്ങൾക്ക് കാലത്തിനനുസരിച്ചുള്ള മാറ്റം നൽകുന്നു.

മികച്ച പ്രകടനം സുഖകരമായ യാത്ര, വിശ്വാസ്യത എന്നീ അടിസ്ഥാന ഗുണങ്ങളിൽ ഒട്ടും വിട്ടുവീഴ്ച ചെയ്യാതെ തന്നെ, കൂടുതൽ ആധുനികവും നൂതനവുമായ ഫീച്ചറുകൾ റൈഡർമാർക്ക് ഈ മാറ്റത്തിലൂടെ ലഭ്യമാകുമെന്ന് കമ്പനി അറിയിച്ചു.

# ഫെവിക്കോളിന്റെ പുതിയ പരസ്യചിത്രം പുറത്തിറക്കി; പരസ്യ കുലപതി പിയൂഷ് പാണ്ഡെയ്ക്ക് ആദരം



**കൊച്ചി:** അധികാരത്തിന്റെയും അഭിലാഷങ്ങളുടെയും പ്രതീകമായി മാറുന്ന കസേരയെ മുൻനിർത്തി ഫെവിക്കോളിന്റെ പുതിയ പരസ്യചിത്രം 'കുർസി പേ നസർ' പുറത്തിറങ്ങി. ഇന്ത്യൻ സാഹചര്യങ്ങളിൽ ഒരു കസേരയ്ക്ക് ചുറ്റും നടക്കുന്ന അധികാര വടംവലികളെയും മോഹങ്ങളെയും പതിവ് ഫെവിക്കോൾ നർമ്മശൈലിയിൽ അവതരിപ്പിക്കുന്നതാണ് പുതിയ ചിത്രം.

ഇന്ത്യൻ പരസ്യലോകത്തെ ഇതിഹാസമായിരുന്ന പിയൂഷ് പാണ്ഡെ ആശയരൂപീകരണം നടത്തിയ അവസാനത്തെ ഫെവിക്കോൾ ക്യാമ്പയിൻ എന്ന സവിശേഷതയും ഇതിനുണ്ട്. അദ്ദേഹത്തിന്റെ ആകസ്മിക വിയോഗത്തെ തുടർന്ന് മാറ്റിവെച്ച ചിത്രീകരണം അഞ്ച് മാസങ്ങൾക്ക് ശേഷം പ്രസൂൺ പാണ്ഡെയുടെ സംവിധാനത്തിലാണ് പൂർത്തിയാക്കിയത്. മനുഷ്യജീവിതത്തിലെ വളരെ ലളിതമായ യാഥാർത്ഥ്യങ്ങളെ പ്രേക്ഷകരുടെ ഹൃദയത്തിൽ സ്പർശിക്കുന്ന രീതിയിൽ അവതരിപ്പിക്കുന്നതാണ് ഫെവിക്കോളിന്റെ രീതിയെന്നും, ഇത്തരം സാധാരണ കാഴ്ചകളെ ഐതിഹാസികമായ കഥ പറച്ചിലിലൂടെ അവതരിപ്പിക്കാൻ പിയൂഷ് പാണ്ഡെയ്ക്ക് അസാമാന്യമായ കഴിവുണ്ടായിരുന്നുവെന്നും പിഡിലൈറ്റ് ഇൻഡസ്ട്രീസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ സുധാൻഷു വാട്സ് പറഞ്ഞു. തങ്ങളുടെ ജീവിതത്തിലെ ഏറ്റവും വെല്ലുവിളി നിറഞ്ഞ ചിത്രീകരണമായിരുന്നു ഇതെന്നും, പിയൂഷ് പാണ്ഡെയുടെ ആകസ്മിക വിയോഗത്തെ തുടർന്ന് അഞ്ച് മാസങ്ങൾക്ക് ശേഷമാണ് പരസ്യത്തിന്റെ ചിത്രീകരണം പൂർത്തിയാക്കിയതെന്നും കോർകോയിസ് ഫിലിംസ് ഡയറക്ടർ പ്രസൂൺ പാണ്ഡെ വ്യക്തമാക്കി. സമൂഹത്തിലെ വളരെ സാധാരണമായ ഒരു കാഴ്ചയിലൂടെ മനുഷ്യബന്ധങ്ങളുടെ ആഴം വ്യക്തമാക്കുന്നതാണ് ഈ പുതിയ ക്യാമ്പയിൻ.

# സാംസങ് 'സോൾവ് ഫോർ ടുമോറോ' അഞ്ചാം പതിപ്പ് ആരംഭിച്ചു




**കൊച്ചി:** സാംസങ് ഇന്ത്യ തങ്ങളുടെ പ്രമുഖ ഇന്നൊവേഷൻ പ്രോഗ്രാമായ 'സാംസങ് സോൾവ് ഫോർ ടുമോറോ'യുടെ അഞ്ചാം പതിപ്പ് പ്രഖ്യാപിച്ചു. രാജ്യത്തെ 14 മുതൽ 22 വയസ്സ് വരെയുള്ള വിദ്യാർത്ഥികളിലെ സർഗാത്മകതയും പ്രശ്നപരിഹാര ശേഷിയും പ്രോത്സാഹിപ്പിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇത്തവണ വിജയിക്കുന്ന ടീമുകൾക്കുള്ള ഗ്രാന്റ് തുക രണ്ട് കോടി രൂപയായി സാംസങ് വർദ്ധിപ്പിച്ചിട്ടുണ്ട്. താല്പര്യമുള്ള വിദ്യാർത്ഥികൾക്ക് ജൂലൈ 3 വരെ ഈ മത്സരത്തിനായി അപേക്ഷകൾ സമർപ്പിക്കാം.

എഐ ലിവിംഗ്, ആരോഗ്യം-വിദ്യാഭ്യാസം, പരിസ്ഥിതി സുസ്ഥിരത, കായികം-സാങ്കേതികവിദ്യ എന്നീ നാല് പ്രധാന മേഖലകളിലെ സാമൂഹിക പ്രശ്നങ്ങൾക്കുള്ള സാങ്കേതിക പരിഹാരങ്ങളാണ് ഈ പരിപാടി തേടുന്നത്. തിരഞ്ഞെടുക്കപ്പെടുന്ന ടീമുകൾക്ക് ഐഐടി ഡൽഹിയിലെ വിദഗ്ധരുടെ കീഴിൽ ഇൻക്യൂബേഷൻ സൗകര്യവും മെന്റർഷിപ്പും ലഭിക്കും. മികച്ച നാല് ടീമുകൾക്ക് രണ്ട് കോടി രൂപയുടെ ഗ്രാന്റിന് പുറമെ, മറ്റ് ടോപ്പ് ടീമുകൾക്കായി 20 ലക്ഷം രൂപയും 8 ലക്ഷം രൂപയും വീതമുള്ള ഗ്രാന്റുകളും സാംസങ് ഗാലക്സി ഉപകരണങ്ങളും സമ്മാനമായി നൽകുന്നുണ്ട്. രാജ്യത്തെ 100 നഗരങ്ങളിലായി നടത്തുന്ന ഡിസൈൻ തിങ്കിംഗ് വർക്ക്ഷോപ്പുകളിലൂടെ വിദ്യാർത്ഥികൾക്ക് മികച്ച പരിശീലനം നൽകാനാണ് സാംസങ് ലക്ഷ്യമിടുന്നത്. ഏകദേശം 2,40,000 മണിക്കൂറിലധികം നീളുന്ന പരിശീലന പരിപാടികളിലൂടെ പ്രോട്ടോടൈപ്പ് നിർമ്മാണത്തിനും ആശയങ്ങൾ മെച്ചപ്പെടുത്താനും വിദഗ്ധരുടെ പിന്തുണ ലഭിക്കും. സാംസങ് ഇന്ത്യയുടെ 30-ാം വാർഷികത്തോടനുബന്ധിച്ച് നടത്തുന്ന ഈ ബൃഹത്തായ പദ്ധതി കേന്ദ്ര സർക്കാരിന്റെ ഡിജിറ്റൽ ഇന്ത്യ എന്ന കാഴ്ചപ്പാടിന് വലിയ കരുത്തേകും.

# പുസ്തകം പുറത്തിറക്കി

**കൊച്ചി :** റസ്ന ചെയർമാൻ പിറൂസ് അരീസ് ഖംബട്ടയുടെ അഷോയ്: ദി സോറോസ്ത്രിയൻ ആർട്ട് ഓഫ് സക്സസ് ആൻഡ് ഇമ്മോർട്ടാലിറ്റി എന്ന പുസ്തകം മുംബൈയിലെ താജ് മഹൽ പാലസിൽ കേന്ദ്രമന്ത്രി കിരൺ റിജിജുവിന്റെയും മറ്റ് പ്രമുഖരുടെയും സാന്നിധ്യത്തിൽ പുറത്തിറക്കി. സോറോസ്ത്രിയൻ ജ്ഞാനത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട നേതൃപാടവ്, വ്യക്തിത്വം, ബിസിനസ് വിജയം എന്നിവയെക്കുറിച്ചുള്ള 51 തത്വങ്ങളാണ് പുസ്തകത്തിൽ അവതരിപ്പിച്ചിരിക്കുന്നത്.

ചടങ്ങിനോടനുബന്ധിച്ച് യുവ സംരംഭകരെ മാർഗനിർദേശവും സാമ്പത്തിക സഹായവും നൽകി പിന്തുണയ്ക്കുന്നതിനായി വേൾഡ് സരതുഷ്ടി ചേംബർ ഓഫ് കൊമേഴ്സുമായി സഹകരിച്ച് ഒരു സംരംഭക ഫണ്ടും പ്രഖ്യാപിച്ചു. 'വിക്സിത് ഭാരത് 2047' എന്ന ദൗത്യത്തിന് പിന്തുണ നൽകുന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com